ബ്ലാക്ക്സ്മിത്ത് ഗ്രേഡ് II നിയമനം

11 [T3062] ശ്രീ. ജോർജ് ജെ. മാത്യു:

„ ടി. യു. രാധാകൃഷ്ണൻ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ബ്ലാക്ക്സ്മിത്ത് ഗ്രേഡ് II നിയമനത്തിന് ഏറ്റവും ഒടുവിൽ അപേക്ഷ ക്ഷണിച്ചതെന്നായിരുന്നു;

(ബി) പ്രസ്തുത തസ്തികയിൽ അപേക്ഷിക്കുന്നതിന് നിശ്ചയിച്ച യോഗ്യത എന്തായിരുന്നു;

(സി) പതിനെട്ടു വയസ്സിനു മുൻപ് നേടിയ യോഗ്യത അംഗീകരിക്കുകയില്ലെന്ന് ഈ നിയമനത്തിനുള്ള അപേക്ഷ ക്ഷണിച്ചപ്പോൾ വ്യക്തമാക്കിയിരുന്നുവോ;

(ഡി) ഇതിനുള്ള ഷോർട്ട്ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം അതിലില്ലായിരുന്ന എത്ര പേരെകൂടി ആ ലിസ്റ്റിൽപ്പെടുത്തി; എന്തടിസ്ഥാനത്തിലാണ് അവരെ ലിസ്റ്റിൽപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 20-4-1999-ലെ ഗസറ്റ് വിജ്ഞാപന പ്രകാരമായിരുന്നു അവസാനം അപേക്ഷ ക്ഷണിച്ചത്.

(ബി) (1) 1-1-1999-ൽ 18 വയസ്സ് തികഞ്ഞിരിക്കേണ്ടതും 35 വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു.

(2) ബ്ലാക്ക്സ്മിത്ത് ട്രേഡിലുള്ള ഐ.ടി.ഐ. സർട്ടിഫിക്കറ്റും ബ്ലാക്ക്സ്മിത്തിലെ പൊതുവായ ജോലിയിൽ മൂന്നു വർഷത്തിൽ കുറയാതെയുള്ള പ്രായോഗിക പരിചയവും or

(a) മലയാളമോ, തമിഴോ, കന്നഡയോ എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം.

(b) ബ്ലാക്ക് സ്മിത്തിലും അനുബന്ധ ട്രേഡുകളിലുമുള്ള എല്ലാ ജോലികളിലും അഞ്ചു വർഷത്തെ പ്രായോഗിക പരിചയം ഉണ്ടായിരിക്കണം.

(സി) വിജ്ഞാപനത്തിൽ പി.എസ്.സി. വ്യക്തമാക്കിയിരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly